# കേരള സർവകലാശാല

നം.പി.ആർ.239/2019 ഫോൺ: 2305738

## പത്രക്കുറിപ്പ്

### ടൈംടേബിൾ

2019 നവംബർ 22 ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ എം.ബി.എ (2014 സ്കീം സപ്ലിമെന്ററി – ഫുൾടൈം/റെഗുലർ ഈവനിംഗ്/യു.ഐ.എം/ട്രാവൽ ആന്റ് ടൂറിസം, 2018 സ്കീം (റെഗുലർ & സപ്ലി മെന്ററി) – ഫുൾ ടൈം/യു.ഐ.എം/ട്രാവൽ ആന്റ് ടൂറിസം, 2018 സ്കീം (റെഗുലർ & സപ്ലിമെന്ററി) – ഈവനിംഗ് (റെഗുലർ)) ഡിഗ്രി പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിദ്യാർത്ഥികളുടെ അറ്റൻൻസ് റിപ്പോർട്ടുകൾ അതാത് പ്രിൻസിപ്പൾമാർ 2019 നവംബർ 18 ന് മുമ്പായി സർവകലാശാല ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഹാൾടിക്കറ്റുകൾ തടഞ്ഞു വയ്ക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### വൈവ വോസി

നവംബർ 19 നടത്താനിരുന്ന നാലാം സെമസ്റ്റർ എൽ.എൽ.എം പരീക്ഷകളുടെ വൈവ വോസി നവംബർ 25 ലേക്ക് മാറ്റിയിരിക്കുന്നു. പരീക്ഷാകേന്ദ്രത്തിനും സമയത്തിനും മാറ്റമില്ല.

### പരീക്ഷാഫലം

2019 ജൂണിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.എസ്.സി ബോട്ടണി ആന്റ് ബയോടെക്നോളജി, ബയോകെമിസ്ട്രി ആന്റ് ഇൻഡസ്ട്രിയൽ മൈക്രോബയോളജി എന്നീ പരീക്ഷകളുടെ (2013 അഡ്മി ഷന് മുൻപ് – 2010 & 2011 അഡ്മിഷൻ മേഴ്സിചാൻസ്, 2012 അഡ്മിഷൻ – സപ്ലിമെന്ററി) പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 25 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പരീക്ഷാഫീസ്

അഞ്ചാം സെമസ്റ്റർ ബി.ടെക് ഡിഗ്രി (2013 സ്കീം) സപ്ലിമെന്ററി/സെഷണൽ ഇംപ്രൂവ്മെന്റ് ഫെബ്രുവരി 2020 പരീക്ഷയുടെ ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. പിഴ കൂടാതെ നവംബർ 23 വരെയും 150 രൂപ പിഴയോടെ നവംബർ 27 വരെയും 400 രൂപ പിഴയോടെ നവംബർ 30 വരെയും അപേക്ഷിക്കാം. സെഷണൽ ഇംപ്രൂവ്മെന്റ് ചെയ്യുന്ന വിദ്യാർത്ഥികൾ സർവകലാശാലയിൽ നേരിട്ട് അപേക്ഷിക്കുക. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2019 ഡിസംബർ 11 മുതൽ നടത്തുന്ന ഒന്നാം സെമസ്റ്റർ ബി.എ ഓണേഴ്സ് ഡിഗ്രി പ്രോഗ്രാം ഇൻ ഇംഗ്ലീഷ് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ (2015 അഡ്മിഷൻ മുതൽ) പരീക്ഷാ വിജ്ഞാപനം പ്രസിദ്ധീക

രിച്ചു. പിഴകൂടാതെ നവംബർ 20 വരെയും 150 രൂപ പിഴയോടെ 22 വരെയും 400 രൂപ പിഴയോടെ നവംബർ 25 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

ഡിസംബർ 9 ന് ആരംഭിക്കുന്ന അഞ്ചാം സെമസ്റ്റർ യൂണിറ്ററി (ത്രിവത്സരം) എൽ.എൽ.ബി (റെഗുലർ – 2017 അഡ്മിഷൻ, സപ്ലിമെന്ററി 2014, 2015, 2016 അഡ്മിഷൻ, മേഴ്സിചാൻസ് – 2011, 12 അഡ്മിഷൻ) പരീക്ഷകളുടെ ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. പിഴകൂടാതെ നവംബർ 18 വരെയും 150 രൂപ പിഴയോടെ നവംബർ 21 വരെയും 400 രൂപ പിഴയോടെ നവംബർ 23 വരെയും അപേക്ഷിക്കാം.

## പുസ്തകപ്രദർശനം

2019 ലെ എഴുത്തച്ഛൻ പുരസ്കാര ജേതാവും പ്രശസ്ത സാഹിത്യകാരനും തത്വചിന്തകനുമായ ആനന്ദിന്റെ കൃതികളുടെ പ്രദർശനം സർവകലാശാല ലൈബ്രറിയിൽ നടത്തപ്പെടുന്നു. നോവലുകൾ, കഥകൾ, ലേഖനങ്ങൾ, പഠനങ്ങൾ, ആനുകാലികങ്ങൾ, ദിനപത്രങ്ങൾ, ഗവേഷണപ്രബന്ധങ്ങൾ എന്നിവ ഉൾപ്പെടുന്ന പ്രദർശനം നവംബർ 28 വരെയാണ് സംഘടിപ്പിച്ചിരിക്കുന്നത്. ലൈബ്രറി അംഗങ്ങൾ അല്ലാത്തവർക്കും പ്രദർശനം കാണാൻ സൗകര്യമുണ്ടായിരിക്കുന്നതാണ്.

തിരുവനന്തപുരം,
14.11.2019

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in